# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1998     14-08-2017 - ൽ മറുപടിയ്ക്ക്

**ലീഗൽ മെട്രോളജി വിഭാഗം സ്വീകരിച്ച നടപടികൾ**

**ചോദ്യം**     **ഉത്തരം**

**ശ്രീ. എസ്. ശർമ്മ:**     **ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഉപഭോക്താക്കൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വിഭാഗം സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ; | (എ) | ഉപഭോക്താക്കൾക്ക് കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വിഭാഗം സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br>1. നിശ്ചിത കാലയളവുകളിൽ അളവ് തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പാക്കി മുദ്ര പതിപ്പിക്കുന്നു.<br>2. തുടർച്ചയായ മിന്നൽ പരിശോധനകൾ നടത്തിയും പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അടിയന്തര നടപടികൾ സ്വീകരിച്ചും ലീഗൽ മെട്രോളജി നിയമത്തിന്റെയും ചട്ടങ്ങളുടെയും ലംഘനങ്ങൾക്കും നിയമ നടപടികൾ സ്വീകരിക്കുന്നു.<br>3. ഉപഭോക്തൃ സംരക്ഷണം ഉറപ്പാക്കാനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. |
| (ബി) | കഴിഞ്ഞ ഒരു വർഷക്കാലയളവിൽ എറണാകുളം ജില്ലയിൽ മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 2472 സ്ഥാപനങ്ങളിൽ മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് എന്തെങ്കിലും കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | 2455 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 2452 കേസുകളിൽ നിന്നായി 46 ലക്ഷം രൂപ രാജി ഫീസിനത്തിൽ ഈടാക്കുകയും മൂന്ന് കേസുകൾ കോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ